# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 502** **27.02.2018-ൽ മറുപടിക്ക്**

## ഇലക്ട്രിസിറ്റി ഡ്യൂട്ടി

| | ചോദ്യം<br>ശ്രീ. പി.ടി. തോമസ്: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് പ്രകാരം കെ.എസ്.ഇ.ബി. 2016-17- ൽ എത്ര രൂപയാണ് ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ പിരിച്ചെടുത്തതെന്ന് വെളിപ്പെടുത്തുമോ; | (എ) | കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡ് 2016-17-ൽ 796 കോടി രൂപയാണ് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ളത്. |
| (ബി)<br><br><br><br><br>(സി) | ഇതിൽ എത്ര രൂപ സർക്കാരിലേയ്ക്ക് അടയ്ക്കുകയുണ്ടായെന്ന് അറിയിക്കുമോ; തുക അടച്ചിട്ടില്ലെങ്കിൽ സർക്കാരിന്റെ പെൻഷൻ ലയബിലിറ്റി എന്ന രൂപത്തിൽ അത് ക്രമീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;<br><br>അപ്രകാരം ക്രമീകരിച്ചിട്ടുണ്ടെങ്കിൽ 2016-17 ൽ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ പിരിച്ചെടുത്ത തുക ജീവനക്കാരുടെ പെൻഷൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി)<br>&<br>(സി) | സർക്കാരിൽ നിന്നും കെ.എസ്.ഇ.ബി ലിമിറ്റഡിന് ലഭിക്കേണ്ട തുകയുമായി ഡ്യൂട്ടി ഇനത്തിൽ സർക്കാരിനുനൽകേണ്ട തുക തട്ടികിഴിക്കുകയാണ് (Netting off) ചെയ്യുന്നത് 28.01.2015-ലെ ജി.ഒ (പി) നം.3/15.പി.ഡി പ്രകാരം പ്രതിവർഷം ഡ്യൂട്ടിയിനത്തിൽ ലഭിക്കുന്ന തുകയിൽ 586.10 കോടി രൂപ വിരമിക്കൽ ആനുകൂല്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ആയതിനാൽ ഡ്യൂട്ടിയിനത്തിൽ സർക്കാരിനുനൽകേണ്ട തുകയുമായി പെൻഷൻ ഫണ്ടിലേക്ക് ലഭിക്കേണ്ട തുകയും സബ്സിഡിയിനത്തിൽ ബോർഡിന് ലഭിക്കേണ്ട തുകയും തട്ടിക്കിഴിച്ചിട്ടുണ്ട്. |

Kemalillo

സെക്ഷൻ ഓഫീസർ